**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894** — **28-02-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ജല അതോറിറ്റി വക ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ജല അതോറിറ്റി വക ഭൂമി ഏതൊക്കെയെന്നും, എവിടെയൊക്കെയെന്നും വസ്തുവകകളുടെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കും, പമ്പ് ഹൗസുകളും സ്റ്റോറും, ഓഫീസും സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എളങ്കുന്നപുഴ പഞ്ചായത്തിലെ ഓച്ചന്തുരുത്തിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്ക് പ്രവർത്തനക്ഷമമാണോ; പ്രസ്തുത ടാങ്ക് പ്രവർത്തനക്ഷമമാക്കുന്നതിനും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയോഗയോഗ്യമാക്കുന്നതിനും ജലഅതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഓച്ചന്തുരുത്തിൽ സ്ഥിതി ചെയ്യുന്ന 55 വർഷത്തിന് മുകളിൽ പഴക്കമുള്ള ഒരു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പ്രസ്തുത കോമ്പൗണ്ടിൽ വൈപ്പിൻ ഭാഗത്തേക്കുള്ള പൈപ്പ് ലൈനുകളും പമ്പിങ് നിയന്ത്രിക്കുന്ന വാൽവും ഉണ്ട്. കൂടാതെ പെരുമ്പാവൂർ പ്രൊജക്റ്റ് ഡിവിഷൻ മുഖാന്തിരം മുരുക്കുംപാടത്ത് പുതുതായി നിർമിച്ചിട്ടുള്ള വാട്ടർ ടാങ്കിൽ നിന്നുള്ള പൈപ്പ് ലൈനുകളും നിലവിലുള്ള പൈപ്പ് ലൈനുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കും,പമ്പ് ഹൗസുകളും സ്റ്റോറും, ഓഫീസും സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിശദ വിവരങ്ങൾ**

| ക്രമ നമ്പർ | സ്ഥലത്തിന്റെ വിശദ വിവരങ്ങൾ | വിസ്തീർണം (Cent) |
|---|---|---|
| 1 | പുതുവൈപ്പ് - വാട്ടർ ടാങ്കും, പമ്പ് ഹൗസും | 106 |
| 2 | പുതുവൈപ്പ് പഴയ വാട്ടർ ടാങ്ക് (നിലവിൽ ഉപയോഗത്തിൽ ഇല്ല) | 21.75 |
| 3 | മാലിപ്പുറം പമ്പ് ഹൗസും സ്റ്റോറും (നിലവിൽ ഉപയോഗത്തിൽ ഇല്ല) | 4.70 |
| 4 | മാലിപ്പുറം - വാട്ടർ ടാങ്കും, സെക്ഷൻ ഓഫീസും | 63.24 |
| 5 | പള്ളിപ്പുറം, കരിത്തല പമ്പ് ഹൗസ് | 21 |
| 6 | നായരമ്പലം പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് സ്ഥലം | 1 |
| 7 | എടവനക്കാട് ആണിയിൽ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന മാർക്കറ്റ് | 1 |